ഇ 9/ 10608/18

പഞ്ചായത്ത് ഡയറക്ടറാഫീസ്
ഇ - മെയിൽ directorofpanchayatsestt@gmail.com
തിരുവനന്തപുരം. തീയതി 28.06.2018

# നോട്ടീസ്

വിഷയം : പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - പതിനൊന്നിന പരിപാടിയുടെ ഭാഗമായി ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കപ്പെട്ട ലൈബ്രേറിയൻ, നേഴ്സറി ടീച്ചർ, ആയ തസ്തികയിലെ ജീവനക്കാരുടെ കരട് പട്ടികയിൻമേൽ ആക്ഷേപം ക്ഷണിക്കുന്നത് - സംബന്ധിച്ച്

സൂചന : 1. സ.ഉ.(എം.എസ്.) നം. 170/10/തസ്വഭവ തീയതി 06.08.2010.
2. സ.ഉ.(എം.എസ്.) നം. 140/14/തസ്വഭവ തീയതി 02.08.2014.
3. സ.ഉ.(എം.എസ്.) നം. 28/18/തസ്വഭവ തീയതി 24.02.2018.

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ പതിനൊന്നിന പരിപാടിയുടെ ഭാഗമായി ഓണറേറിയം വ്യവസ്ഥയിൽ നിയമിക്കപ്പെട്ട ലൈബ്രേറിയൻ, നേഴ്സറി ടീച്ചർ, ആയ തസ്തികയിലെ ജീവനക്കാരെ സൂചന **(1)**, **(2)** പ്രകാരം പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരായി സ്ഥിരപ്പെടുത്തി വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിയമിച്ചിരുന്നു. അപ്രകാരം നിയമനം ലഭിച്ച ജീവനക്കാരിൽ **35%** ജീവനക്കാർക്ക് അവരുടെ തസ്തിക ഫുൾടൈം കണ്ടിജന്റ് തസ്തികയായി ഉയർത്തി സൂചന **(3)** പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരിൽ നിന്നും ഈ വിഭാഗം ജീവനക്കാരുടെ വിവരം ശേഖരിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ജീവനക്കാരുടെ പട്ടിക ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന പട്ടികയുടെ അന്തിമപട്ടിക അടിസ്ഥാനമാക്കിയായിരിക്കും സൂചന **(3)** ഉത്തരവിന്റെ ആനുകൂല്യം നിശ്ചയിക്കുന്നത് എന്നതിനാൽ പട്ടികയിന്മേലുള്ള ആക്ഷേപങ്ങൾ വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽ നോട്ടീസ് തീയതി മുതൽ **15** ദിവസത്തിനുള്ളിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരം ഈ ആഫീസിൽ സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
പഞ്ചായത്ത് ഡയറക്ടർക്ക് വേണ്ടി